1/12/21.

18/11/2021


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


## ഹർജി നമ്പർ AP No.448(6)/2021/എസ്.ഐ.സി.

### തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

### (ഫയൽ നം.3825/എസ്.ഐ.സി-ജി 5/2021)

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. സോമനാഥൻ കെ.,<br>ചിത്തിര, നെടുവത്തൂർ,<br>നീലേശ്വരം പി.ഒ.,<br>കൊട്ടാരക്കര, കൊല്ലം-691505 | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ,<br>സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,<br>മാവേലിക്കര<br><br>2. അപ്പീൽ അധികാരി &<br>റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ,<br>റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,<br>ആലപ്പുഴ | എതിർകക്ഷികൾ |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 16.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 06.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.02.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 13.03.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 18.03.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05.05.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 19.07.2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 12.11.2021, പുനലൂർ |

| | |
|---|---|
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സോമനാഥൻ കെ. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേലും ലഭ്യമായ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ടിയാന് വിവരങ്ങൾ ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 13.03.2021 ൽ സമർപ്പിച്ച അപേക്ഷയിൽ കായംകുളം സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസിൽ നിന്നും ഇഷ്യൂ ചെയ്ത 29/462/1989 നമ്പർ ഡ്രൈവിംഗ് ലൈസൻസിന്റെ ചില വിവരങ്ങളാണ് ആവശ്യപ്പെട്ടത്. ആയതിന് 18.01.2021 ൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ടി ഓഫീസിൽ നിന്ന് 29/462/1989 നമ്പരിൽ ഒരു ലൈസൻസ് ഇഷ്യൂ ചെയ്തിട്ടില്ല എന്ന് അറിയിച്ചതായി കാണുന്നു. ടിയാൻ 06.02.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ഒന്നാം എതിർകക്ഷിയെ അനുകൂലിച്ചുകൊണ്ടുള്ള മറുപടിയാണ് 10.02.2021 ൽ രണ്ടാം എതിർകക്ഷി ടിയാന് ലഭ്യമാക്കിയതെന്ന് കാണുന്നു.

3. രണ്ടാം എതിർകക്ഷി 19.07.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ പി.ഐ.ഒ. കായംകുളം എന്ന് അഡ്രസ്സ് ചെയ്തെങ്കിലും ടി അപേക്ഷ അയച്ചു നൽകിയത് പി.ഐ.ഒ. മാവേലിക്കരക്കാണെന്നും പ്രസ്തുത അപേക്ഷ കായംകുളം ഓഫീസിലേക്ക് അയച്ചു നൽകേണ്ടതും ആ വിവരം ടിയാനെ അറിയിക്കേണ്ടതുമായിരുന്നുവെന്നും എന്നാൽ ഓഫീസിലെ തിരക്കുമൂലം കായംകുളം എന്ന് അപേക്ഷയിൽ അഡ്രസ്സ് ചെയ്തത് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെ ശ്രദ്ധയിൽപ്പെട്ടില്ലെന്നും ഹർജികക്ഷി അപേക്ഷയിൽ പരാമർശിച്ചപോലെ ഏത് ഓഫീസിൽ നിന്നും ലൈസൻസിന്റെ വിശദവിവരങ്ങൾ നൽകുവാൻ സാധിക്കുകയില്ലെന്നും കേന്ദ്ര ഗവൺമെന്റ് സോഫ്റ്റ് വെയർ ആയ 'സാരഥി' എന്ന വെബ് സൈറ്റിൽ ഒരാളുടെ ലൈസൻസ് വിവരങ്ങൾ ലഭിക്കുന്നതിന് ജനന തീയതി നൽകിയാൽ മാത്രമേ

ലൈസൻസ് സംബന്ധമായ വിവരങ്ങൾ ലഭിക്കുകയുള്ളുവെന്നും ആയതിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കുന്നതിന് വേണ്ടിയാണ് ഇപ്രകാരം ലിങ്ക് ചെയ്തിരിക്കുന്നതെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 16.12.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 18.01.2021 തീയതി മറുപടി നൽകിയതായി കാണുന്നു. ടിയാന്റെ 06.02.2021 ലെ അപ്പീൽ അപേക്ഷയിന്മേൽ അപ്പീൽ അധികാരി 10.02.2021 തീയതി മേൽവിവരങ്ങൾ സൂചിപ്പിച്ച് മറുപടി അറിയിച്ചതായും കാണുന്നു. എതിർകക്ഷികളുടെ ഭാഗത്തു നിന്ന് മന:പൂർവ്വമായ എന്തെങ്കിലും വീഴ്ച ഉണ്ടായതായി കമ്മീഷൻ കാണുന്നില്ല. 12.11.2021 ൽ പുനലൂർ റസ്റ്റ് ഹൗസിൽ വച്ച് നടന്ന ഹിയറിംഗിൽ ഇരുകക്ഷികളും ഹാജരുണ്ടായിരുന്നു. ഹർജികക്ഷി നൽകിയ മൊഴിയിൽ ടിയാൻ അപേക്ഷ നൽകിയപ്പോൾ വന്ന പിശകാണ് കാരണം എന്ന് ടിയാൻ അംഗീകരിക്കുന്നുവെന്നും തന്റെ അപേക്ഷയിന്മേൽ മറുപടി ലഭ്യമായാൽ മതിയെന്നുമാണ് പറഞ്ഞത്. ഹിയറിംഗിൽ ഹാജരായ എതിർകക്ഷി നൽകാവുന്ന മറുപടികൾ കമ്മീഷൻ ഉത്തരവുപ്രകാരം നൽകാമെന്നാണ് മൊഴി നൽകിയത്. ഹർജിക്കാരന്റെ ഒന്നാമത്തെ ആവശ്യം ഒഴികെയുള്ളവ ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം ഒന്നാം എതിർകക്ഷി ഹർജികക്ഷിക്ക് രജിസ്റ്റേർഡ് പോസ്റ്റു വഴി നൽകി ടി വിവരം കമ്മീഷനെ അറിയിക്കണമെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, നവംബർ 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp